പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5796 29.07.2015-ൽ മറുപടിക്ക്

## തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി. ടെർമിനൽ

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം തമ്പാനൂരിലെ പുതിയ കെ.എസ്.ആർ.ടി.സി ടെർമിനൽ എന്നാണ് ഉദ്ഘാടനം ചെയ്യപ്പെട്ടതെന്നും പ്രസ്തുത ഉദ്ഘാടന ചടങ്ങിൽ എത്ര മന്ത്രിമാർ പങ്കെടുത്തുവെന്നും, ചടങ്ങിനുവേണ്ടി ചെലവഴിച്ച തുക എത്രയെന്നും, അന്നു പ്രസ്തുത മന്ത്രിമാർ നടത്തിയ പ്രഖ്യാപനങ്ങൾ എന്തൊക്കെയാണെന്നും, അവയിൽ നാളിതുവരെ നടപ്പിലാക്കിയവ ഏതൊക്കെയാണെന്നും വിശദമാക്കുമോ; | (എ) | തിരുവനന്തപുരം തമ്പാനൂരിലെ പുതിയ കെ.എസ്.ആർ.ടി.സി ടെർമിനൽ 03.02.2014 -നാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. പ്രസ്തുത ചടങ്ങിൽ മുഖ്യമന്ത്രി ഉൾപ്പെടെ മൂന്ന് മന്ത്രിമാരാണ് പങ്കെടുത്തിരുന്നത്. ഉദ്ഘാടന ചടങ്ങിനുവേണ്ടി 34,55,451/- രൂപ ചെലവഴിച്ചിരുന്നു. അതിൽ 15,52,900/- രൂപ കെ.റ്റി.ഡി.എഫ്.സി.യുടെ ഫണ്ടിൽ നിന്നും, ബാക്കി 19,02,551/- രൂപ സ്പോൺസർഷിപ്പിലൂടെ സമാഹരിച്ചതുമാണ്. ഉദ്ഘാടന വേളയിൽ പ്രഖ്യാപനങ്ങളൊന്നുംതന്നെ നടത്തിയിരുന്നില്ല. |
| (ബി) | ഈ പുതിയ ബസ് ടെർമിനൽ ഉദ്ഘാടനം ചെയ്യപ്പെടുന്നതിനു മുമ്പ് ഇവിടെ നിന്നും എത്ര സർവ്വീസുകൾ; ഏതെല്ലാം റൂട്ടുകളിലേക്ക് ഓപ്പറേറ്റ് ചെയ്യപ്പെട്ടിരുന്നുവെന്നും, ഇപ്പോൾ പുതിയ ടെർമിനലിൽ നിന്നും, ഏതെല്ലാം റൂട്ടുകളിലേക്ക് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യപ്പെടുന്നുണ്ടെന്നും വിശദമാക്കുമോ? | (ബി) | ബസ് ടെർമിനൽ ഉദ്ഘാടനം ചെയ്യപ്പെടുന്നതിന് മുമ്പ് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്നും 74 സർവ്വീസുകൾ കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലേയ്ക്കും, പുറമേ കോയമ്പത്തൂർ, നാഗർകോവിൽ, തെങ്കാശി, കട്ടപ്പന, മൂന്നാർ, ബംഗളൂരു എന്നിവിടങ്ങളിലേയ്ക്കും സർവ്വീസ് നടത്തിയിരുന്നു. ഇപ്പോൾ 77 സർവ്വീസുകൾ പ്രസ്തുത റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ